SAMAGRA SHIKSHA – KERALA

# SECOND TERMINAL EVALUATION – 2018-19

## MALAYALAM – PAPER II

### CLASS VIII • SOLVED QUESTION PAPER

Year: 2018-19

Original Question Page + Separate Answer Page

*Every original question-paper page is followed immediately by its separate answer page.*

812

# സമഗ്ര ശിക്ഷ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം-2018

## കേരളപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. ശരിയായ വിധത്തിൽ പട്ടിക ക്രമീകരിക്കുക (4)

| കൃതി | കഥാപാത്രം | എഴുത്തുകാരൻ |
|---|---|---|
| ആൽകെമിസ്റ്റ് | വനഗായകൻ | അംബികാസുതൻ മാങ്ങാട് |
| രണ്ടു മത്സ്യങ്ങൾ | റാഹേൽ | ഡോ.വയലാ വാസുദേവൻപിള്ള |
| തേൻകനി | ഇടയബാലൻ | പൊൻകുന്നം വർക്കി |
| ആ വാഴവെട്ട് | അഴകനും പൂവാലിയും | പൗലോ കൊയ്‌ലോ |

**2, 3 ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതുക.** **(2x1=2)**

2. 'കൈതവം' എന്ന പദത്തിന് സമാനമായ പദം കണ്ടെത്തി എഴുതുക.
   - സത്യം
   - രാത്രി
   - കള്ളം
   - നിരാശ

3. മാതൃകപോലെ മാറ്റി എഴുതുക
   മാതൃക : രഹസ്യമറിയണം - രഹസ്യം, അറിയണം
   പണമില്ല - ..................................

4 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക.

(3x2=6)

4. "കൊന്നമരമേ,
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ"
(അതിജീവനം)

'വെയിലിനെ ഉരുക്കി സ്വർണമാക്കുക' എന്നതുകൊണ്ട് കവി അർഥമാക്കുന്നതെന്ത്?

5. "കാടായി നിറഞ്ഞുനിന്നിരുന്ന കാവിന്റെ ഓർമപോലെ നാലഞ്ചു മരങ്ങൾ മാത്രം."

ഈ വാക്യത്തിന്റെ പൊരുളെന്ത്?

6. "എടോ, തന്റെ വകുപ്പും ചട്ടമൊന്നും പറയേണ്ടാ. ഇതൊക്കെ രോഗബാധിത സ്ഥലങ്ങളാണ്. ഇതൊക്കെ ഗവൺമെന്റ് ഓർഡറാണ്. താൻ ഗസറ്റു നോക്കൂ."

- ഉദ്യോഗസ്ഥൻ

"അയ്യോ,അതെന്തുവാ ഈ ഗജേറ്റ്?"

-മർക്കോസുചേട്ടൻ

"എടോ,ഗജേറ്റല്ല; ഗസറ്റ്. ഗസറ്റെന്ന് താൻ കേട്ടിട്ടില്ലേ?"

- ഉദ്യോഗസ്ഥൻ

മർക്കോസു ചേട്ടനോടുള്ള ഉദ്യോഗസ്ഥന്റെ സംസാരത്തിൽ പ്രകടമാകുന്ന ഭാവമെന്ത്?

7. "ദിവസം പത്തുപതിനഞ്ചായില്ലേ, ആകാശമിങ്ങനെ മുഖം വീർപ്പിച്ചു നിൽക്കുന്നു . ഒന്നുപൊട്ടിക്കരഞ്ഞുകൂടേ ഈ ആകാശത്തിന്? "

മുഖം വീർപ്പിച്ചു നിൽക്കുക, പൊട്ടിക്കരയുക എന്നീ പ്രയോഗങ്ങൾ നൽകുന്ന സൂചനയെന്ത്?

8 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

(4x4=16)

8. "വേലചെയ്യണം ......വിയർക്കണം .......ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം!"

'പത്തായം പെറും, ചക്കികുത്തും, അമ്മ വയ്ക്കും, ഞാനുണ്ണും' - എന്ന ചൊല്ല് സന്ദർഭത്തിന് എത്രമാത്രം അനുയോജ്യമാണ് എന്നു വ്യക്തമാക്കുക.

9. " അരിതരാനില്ലെങ്കിൽ എല്ലാത്തിനും കുറേ വെഷം തന്ന് അങ്ങ് കൊന്നേക്കട്ടെ. എന്നാൽ ബുദ്ധിമുട്ടില്ലല്ലോ".

മർക്കോസുചേട്ടന്റെ ഈ വാക്കുകളിൽ നിഴലിക്കുന്ന പ്രതിഷേധത്തിന്റെ പൊരുൾ വ്യക്തമാക്കി കുറിപ്പു തയാറാക്കുക.

10. " സ്വന്തം ദു:ഖത്തിന്മേൽ ഇങ്ങനെ അടയിരിക്കാതെ ഇക്കണ്ടതിന്റെയെല്ലാം പൊരുളുകളെ ഉലകത്തെ മുഴുവൻ നീ പാടിക്കേൾപ്പിക്കൂ. അതാകട്ടെ നിന്റെ നിയോഗം."

**(രണ്ടു മത്സ്യങ്ങൾ)**

തവളയുടെ ഉപദേശത്തിന്റെ കാലികപ്രസക്തി വിലയിരുത്തി കുറിപ്പു തയാറാക്കുക.

11. "കാട്ടിൽ പോകല്ലേ,..... മരത്തിൽ കേറല്ലേ...,കൂട്ടുകൂടല്ലേ" തേൻകനി എന്ന നാടകത്തിലെ അമ്മയുടെ വാക്കുകളാണിവ. സുരക്ഷയെച്ചൊല്ലിയുള്ള മാതാപിതാക്കളുടെ ഇത്തരം ആശങ്കകൾ കുട്ടികളെ പ്രകൃതിയിൽ നിന്ന് അകറ്റുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണം എഴുതുക.

12. "വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ"

കുഞ്ചൻനമ്പ്യാരുടെ ഈ നിരീക്ഷണത്തിനു പിന്നിലെ പരിഹാസം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**13 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

**(1x6=6)**

13. "ഓണവും പൂവും മറന്ന മലയാള
നാടിങ്ങു ഖിന്ന ഞാൻ നോക്കിനിൽപ്പൂ"

**(പുതുവർഷം)**

മലയാളി ഓണം മറന്നുപോകുന്നതിന്റെ വേദനയാണ് കവയിത്രി ഈ വരികളിലൂടെ വ്യക്തമാക്കുന്നത്. 'മലയാളിയുടെ മാറുന്ന ഓണസങ്കൽപം' എന്ന വിഷയത്തെ ആസ്പദമാക്കി ലഘുപ്രഭാഷണം തയാറാക്കുക.

14. "പട്ടുകിട്ടുമ്പോഴും സന്തോഷമില്ലവ-
നൊട്ടു; പണം കൂടെ മുമ്പേ നിനയ്ക്കയാൽ
വീരവാളിപ്പട്ട് കിട്ടിയെന്നാകിലും
പോരാ തരിവള കിട്ടുവാനാഗ്രഹം"

-മനുഷ്യന്റെ അത്യാർത്തിയെ കാണിക്കുന്നതാണ് ഈ വരികൾ. ഇന്നത്തെ സാഹചര്യവുമായി ബന്ധപ്പെടുത്തി ഉപന്യാസം തയാറാക്കുക.

**15 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

**(1x6=6)**

15. നശിച്ചു പോയ കാവ്, രാക്ഷസയന്ത്രങ്ങൾ, തുരന്നു തീർത്ത പാറകൾ, മഴ നിലച്ചു പോയ ആകാശം, വരണ്ടുണങ്ങിയ പുഴകൾ തുടങ്ങി മനുഷ്യന്റെ ഇടപെടൽ കൊണ്ട് പരിസ്ഥിതിക്കുണ്ടായ ആഘാതം എത്രമാത്രം വലുതാണെന്ന് 'രണ്ടു മത്സ്യങ്ങൾ' എന്ന ചെറുകഥ വരച്ചുകാട്ടുന്നു. സമീപകാലത്ത് കേരളത്തിലുണ്ടായ പ്രളയക്കെടുതികളെ മുൻനിർത്തി 'പരിസ്ഥിതിനാശം വഴി വന്നുചേരുന്ന ദുരന്തങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

16. ആസ്വാദനക്കുറിപ്പു തയാറാക്കുക.

*ധന്യത*

ധന്യമീ ജന്മം മലർച്ചെടിത്തൈയൊന്നു
നട്ടുനനയ്ക്കാൻ കഴിയുമെങ്കിൽ
നട്ടുനനച്ചു വളർത്തിയതിലൊരു
പൂവിരിയിക്കുവാനൊക്കുമെങ്കിൽ
പിന്നെയാപൂവിന്റെ ചാരത്തുനിന്നതിൻ
ഗന്ധം നുകരുവാനൊക്കുമെങ്കിൻ
പൂവിന്റെ സൗരഭം പോലെയീ ലോകത്തു
നന്മകൾ മാത്രം പരത്തുമെങ്കിൽ

**- പി. മധുസൂദനൻ**